"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ആർ.സി.3/484/2021/തസ്വഭവ
തദ്ദേശസ്വയംഭരണ (ആർസി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-02-2022

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - തെരുവ് നായകളുടെ ആക്രമണത്തിന് ഇരയായവർക്ക് പരാതി ബോധിപ്പിക്കുന്നതിന് ബഹു.ജസ്റ്റിസ് (റിട്ട) സിരിജഗൻ കമ്മിറ്റിയുടെ വിലാസം പൊതുജനങ്ങൾക്ക് കാണത്തക്ക വിധത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- ബഹു.സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ രജിസ്ട്രാറുടെ 7-12-2021 ലെ 7926/ 21 /PTA നം. കത്ത്.

**********************

സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ആക്രമണത്തിന് ഇരയായവർക്ക് പരാതി ബോധിപ്പിക്കേണ്ടത് ബഹു.ജസ്റ്റിസ് (റിട്ട) സിരിജഗൻ കമ്മിറ്റി മുമ്പാകെ ആണെന്നും,ബഹു.കമ്മീഷന്റെ മേൽവിലാസം അറിയാത്തതുകൊണ്ടും നിരവധി ബുദ്ധിമുട്ടുകൾ പൊതുജനങ്ങൾക്ക് ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. മേൽസാഹചര്യത്തിൽ തെരുവ് നായ ആക്രമണത്തിന് ഇരയാകുന്നവർക്ക് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ ബഹു.ജസ്റ്റിസ് (റിട്ട) സിരിജഗൻ കമ്മിറ്റി മുമ്പാകെ അപേക്ഷ നേരിട്ട് സമർപ്പിക്കാവുന്നതാണ് എന്ന് വ്യക്തമാക്കുന്ന ബോർഡുകൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൊതുജനങ്ങൾ കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ മേൽനിർദ്ദേശം അടിയന്തിരമായി പാലിക്കേണ്ടതും വകുപ്പ് മേധാവികൾ ഇത് സംബന്ധിച്ച നടപടി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

**ജസ്റ്റിസ് (റിട്ട) സിരിജഗൻ കമ്മിറ്റി.**
**യു.പി.എ.ഡി ഓഫീസ് ബിൽഡിങ്, പരമര റോഡ്**
**കൊച്ചി, എറണാകുളം- 682 018**

**Justice (Rtd) Sirijagan Committee,**
**UPAD Office Building, Paramara Road,**
**Kochi, Ernakulam - 682 018.**

RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

**Signed by Pradeesh M**
**Date: 22-02-2022 15:47:24**

പകർപ്പ്

1. രജിസ്ട്രാർ, ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ജസ്റ്റിസ് (റിട്ട) സിരിജഗൻ കമ്മിറ്റി, UPAD ഓഫീസ് ബിൽഡിംഗ്, പരമര റോഡ്, കൊച്ചി
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
5. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ., തദ്ദേശസ്വയംഭരണ വകുപ്പ്